**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി കോർപ്പറേഷൻ കൊതുകു നിവാരണം/ മഴക്കാല ശുചീകരണ പ്രവർത്തനത്തിന് താൽക്കാലിക ജീവനക്കാരെ നിയമിച്ച നടപടിക്ക് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2062/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 02.07.2016

=================================================================================

**പരാമർശം :**
1) 13.03.2015-ലെ 6270/ഇയു3/15/തസ്വഭവ. നമ്പർ കത്ത്.
2) കൊച്ചി കോർപ്പറേഷൻ കൗൺസിലിന്റെ 23.05.2016-ലെ 117-ാം നമ്പർ തീരുമാനം.
3) ബഹു. കൊച്ചി കോർപ്പറേഷൻ മേയറുടെ 25.06.2016-ലെ അപേക്ഷ.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെയും പരാമർശത്തിലെ കൗൺസിൽ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ കൊച്ചി നഗരസഭയുടെ 74 ഡിവിഷനുകളിലേയ്ക്ക് 2 വീതം തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് ശുചീകരണ പ്രവർത്തനം നടത്തി വരുന്നുവെന്നും കൊതുക് നിർമ്മാർജ്ജനം, നഗരശുചീകരണം എന്നീ ആവശ്യങ്ങൾക്കായി നിയമിച്ചിട്ടുള്ള പ്രസ്തുത തൊഴിലാളികൾക്ക് നാളിതുവരെ വേതനം നൽകിയ നടപടിക്ക് സാധുകരണവും ടി തൊഴിലാളികളുടെ സേവനം തുടർന്നും ലഭ്യമാക്കണമെന്നുമുള്ള അപേക്ഷ പരാമർശം (3) പ്രകാരം ലഭിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരാധ്യയായ കൊച്ചി കോർപ്പറേഷൻ മേയറുടെ പരാമർശം (3) ലെ അപേക്ഷ പരിഗണിച്ച് കൊച്ചി കോർപ്പറേഷനിൽ കൊതുക് നിർമ്മാർജ്ജനം/നഗര ശുചീകരണം എന്നീ ആവശ്യങ്ങൾക്കായി താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള തൊഴിലാളികൾക്ക് നാളിതുവരെ വേതനം നൽകിയ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ബിനുകുമാർ.വി,**
**അണ്ടർ സെക്രട്ടറി.**

ബഹു. മേയർ, കൊച്ചി കോർപ്പറേഷൻ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**